## കാറ്റഗറി നമ്പർ : 389/2020

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിൽ തസ്തികമാറ്റം വഴിയുള്ള തെരഞ്ഞെടുപ്പിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. ഇതിനോടകം രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | വകുപ്പ് | : | **വിദ്യാഭ്യാസം** |
| 2. | ഉദ്യോഗപ്പേര് | : | ഡ്രോയിംഗ് ടീച്ചർ (ഹൈസ്കൂൾ) **(തസ്തികമാറ്റം വഴി)** |
| 3. | ശമ്പളം | : | ₹ 25200-54000/- |
| 4. | ഒഴിവുകളുടെ എണ്ണം | : | ജില്ലാടിസ്ഥാനത്തിൽ<br>എറണാകുളം -1 (ഒന്ന് )<br>തൃശ്ശൂർ -1 (ഒന്ന് ) |

**കുറിപ്പ്:-** i) തസ്തികമാറ്റം വഴി നിയമനത്തിനായി വിജ്ഞാപനം ചെയ്ത ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

ii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള ആളോ (approved Probationer) ആയിരിക്കണം. (അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്കായോ ടൈപ്പിസ്റ്റായോ അറ്റൻഡറായോ ഓഫീസ് അറ്റെൻഡന്റായോ അഞ്ചു വർഷത്തിൽ കുറയാതെ സർവ്വീസ് ഉണ്ടായിരിക്കണം.

iii) അപേക്ഷകൾ കമ്മീഷന്റെ വെബ്സൈറ്റായ www.keralapsc.gov.in വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

iv) ഈ വിജ്ഞാപനപ്രകാരം മേൽപരാമർശിച്ച ജില്ലകളിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ജില്ലയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ്

നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതു വരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

v) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

vi) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971-ലെ ജി.ഒ. (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റ് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961-ലെ ജി.ഒ. (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996-ലെ ജി.ഒ.(പി) 12/96/പി.ആന്റ് എ.ആർ.ഡി പ്രകാരം ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളൂ. എന്നാൽ മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലുമൊരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

vii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR-ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകല്ല.

5 നിയമന രീതി : തസ്തികമാറ്റം വഴിയുള്ള നിയമനം (അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്കായോ ടൈപ്പിസ്റ്റായോ അറ്റൻഡറായോ ഓഫിസ് അറ്റൻഡന്റായോ അഞ്ചു വർഷത്തിൽ കുറയാതെ സേവനം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം )

6. പ്രായപരിധി : ബാധകമല്ല.

**7. യോഗ്യതകൾ :–**

1 എസ്.എസ്.എൽ.സി യോ തത്തുല്യ യോഗ്യതയോ ജയിച്ചിരിക്കണം.

2 ഡ്രോയിംഗിലുള്ള ഗ്രൂപ്പ് സർട്ടിഫിക്കറ്റ് ( കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ)

അല്ലെങ്കിൽ

കേരള സർക്കാർ പരീക്ഷാ കമ്മീഷണർ നൽകുന്ന സർട്ടിഫിക്കറ്റ് ഇൻ ഡ്രോയിംഗ് ആന്റ് പെയിന്റിംഗ് (രണ്ട് വർഷ കോഴ്സ്)

അല്ലെങ്കിൽ

കേരള സർക്കാർ പരീക്ഷാ കമ്മീഷണർ നൽകുന്ന ഡിപ്ലോമ ഇൻ പെയിന്റിംഗ് .

അല്ലെങ്കിൽ

ഡ്രോയിംഗിലുള്ള ഗ്രൂപ്പ് ഡിപ്ലോമ ( കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ)

അല്ലെങ്കിൽ

ഫൈൻ ആർട് സ് കോളേജ്, തിരുവനന്തപുരം നൽകുന്ന നാഷണൽ ഡിപ്ലോമ ഇൻ അപ്ലൈഡ് ആർട് സ്

അല്ലെങ്കിൽ

കേരള യൂണിവേഴ്സിറ്റി നൽകുന്ന ബാച്ച്–ലർ ഓഫ് ഫൈൻ ആർട് സ് (പ്രിപ്പറേറ്ററി) എക്സാമിനേഷൻ

അല്ലെങ്കിൽ

കേരള യൂണിവേഴ്സിറ്റി നൽകുന്ന ബി.എഫ്.എ ഇൻ പെയിന്റിംഗ് ബിരുദം.

അല്ലെങ്കിൽ

കേരള യൂണിവേഴ്സിറ്റി നൽകുന്ന ബി.എഫ്.എ ഇൻ അപ്ലൈഡ് ആർട്ട്സ് ബിരുദം.

അല്ലെങ്കിൽ

കേരള യൂണിവേഴ്സിറ്റി നൽകുന്ന ബി.എഫ്.എ ഇൻ പെയിന്റിംഗ് (കണ്ടെൻസ്ഡ്) ബിരുദം

അല്ലെങ്കിൽ

കേരള യൂണിവേഴ്സിറ്റി നൽകുന്ന ബി.എഫ്.എ (സ്കൾപ് ച്ചർ) ബിരുദം

അല്ലെങ്കിൽ

കേരള സർക്കാർ നൽകുന്ന സർട്ടിഫിക്കറ്റ് കോഴ്സ് എക്സാമിനേഷൻ ഇൻ കോമേഴ്സ്യൽ ആർട് സ്

അല്ലെങ്കിൽ

പരീക്ഷാ കമ്മീഷണറോ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോ നൽകുന്ന നാഷണൽ ഡിപ്ലോമ ഇൻ ഫൈൻ ആർട് സ് (5 വർഷ കോഴ്സ്)

അല്ലെങ്കിൽ

കേരള സർക്കാർ നൽകുന്ന സർട്ടിഫിക്കറ്റ് എക്സാമിനേഷൻ ഇൻ ഫൈൻ ആർട് സ്

3) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെ.ടെറ്റ്) പാസ്സായിരിക്കണം

**എക്സംപ് ഷൻ** – ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/ എം.ഫിൽ/പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്: –** 1) K-TET നു പകരം നിശ്ചയിച്ചിട്ടുള്ള M Ed ബന്ധപ്പെട്ട വിഷയത്തിലായിരിക്കണമെന്നു നിർബന്ധമില്ല (G.O. (P) No. 15/2020/G.Edn. തീയതി 09.10.2020).

**2**) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

3) 31.03.2012 നു മുൻപ് സർവീസിൽ പ്രവേശിച്ച പൊതുവിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക് , ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡൻഡ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് തസ്തിക മാറ്റം വഴിയുള്ള നിയമനം ലഭിക്കുമ്പോൾ KTET പാസ്സാകണമെന്ന് നിർബന്ധമില്ല.

**കുറിപ്പ്**

i) KS & SSR Part II Rule 10 a (ii) ഈ തസ്തികയ്ക്ക് ബാധകമാണ്

ii) വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ .

4 അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്കായോ ടൈപ്പിസ്റ്റായോ അറ്റൻഡറായോ ഓഫിസ് അറ്റെൻഡന്റായോ അഞ്ചു വർഷത്തിൽ കുറയാതെ സർവ്വീസ് ഉണ്ടായിരിക്കണം.

**കുറിപ്പ് :-** മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് വകുപ്പ് മേലധികാരിയിൽ നിന്നും താഴെ കൊടുത്ത മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) കൈവശം വെയ്ക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്.

## സർവ്വീസ് സർട്ടിഫിക്കറ്റ്

1) ഉദ്യോഗാർത്ഥിയുടെ പേര് :
2) ഇപ്പോൾ ഉദ്യോഗാർത്ഥി വഹിക്കുന്ന തസ്തികയുടെ പേരും ശമ്പളസ്കെയിലും :
3) ഇപ്പോൾ ജോലി ചെയ്യുന്ന വകുപ്പിന്റെ പേര് :
4) ഉദ്യോഗാർത്ഥി ഏതു സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്നു എന്ന് :
5) സർവ്വീസ് തുടങ്ങിയ തീയതിയും പ്രൊബേഷൻ ആരംഭിച്ച തീയതിയും :
6) അപേക്ഷകൾ അപ്രൂവ്ഡ് പ്രൊബേഷണറോ ഫുൾ മെമ്പറോ എന്ന് :
7) എസ്.സി., എസ്.ടി.,ഒ.ബി.സി എന്നിവയുടെ കാര്യത്തിൽ സമുദായം /മതം സർവ്വീസ് രേഖകളിൽ നിന്നും പ്രകാരം :

**സേവന വിവരങ്ങൾ**

| ക്രമ നമ്പർ | വഹിച്ച തസ്തിക | കാലയളവ് | | സർവ്വീസ് ദൈർഘ്യം | | | പ്രൊബേഷൻ പ്രഖ്യാപിച്ച തീയതി |
|---|---|---|---|---|---|---|---|
| | | മുതൽ | വരെ | വർഷം | മാസം | ദിവസം | |
| | | | | | | | |
| ആകെ സർവ്വീസ് | | | | | | | |

................................... സബോർഡിനേറ്റ് സർവ്വീസിൽ ഒരു അപ്രൂവ്ഡ് പ്രൊബേഷണർ/ഫുൾമെമ്പറായ ശ്രീ./ശീമതി.................................. എന്ന ഉദ്യോഗസ്ഥനെ/ ഉദ്യോഗസ്ഥയെ സംബന്ധിച്ച് മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ ടിയാന്റെ സർവ്വീസ് ബുക്കിലെ വിവരങ്ങളുമായി ഒത്തുനോക്കുകയും അവ ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്ത വിവരം ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ./ശ്രീമതി ................................... ........................... ഡ്രോയിംഗ് ടീച്ചർ (ഹൈസ്കൂൾ) (തസ്തികമാറ്റം വഴി) അപേക്ഷിക്കാൻ 1958–ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ പാർട്ട് 1 റൂൾ 2(13) പ്രകാരം അർഹതയുള്ള ആളാണെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം : ആഫീസ് തലവന്റെ ഒപ്പ്
തീയതി : പേര്, ഉദ്യോഗപ്പേര്

(ഓഫീസ് സീൽ)

**8 അപേക്ഷ സമർപ്പിക്കേണ്ട രീതി :-**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile–ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ `Apply Now' ൽ മാത്രം click

ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2010-ന് ശേഷം എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക്, ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ് . ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ ' My applications ' എന്ന Link ൽ Click ചെയ്ത് അപേക്ഷയുടെ Print Out എടുക്കാവുന്നതാണ് . അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ പ്രിന്റൗട്ട് കൂടി സമർപ്പിക്കേണ്ടതാണ്.** തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത , ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

***"ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്."***

**9** അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : **03.02.2021** ബുധനാഴ്ച രാത്രി 12 മണി വരെ

**10** അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം : www.keralapsc.gov.in

11 ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നല്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള Mobile Phone number-ലും നൽകുന്നതാണ്. വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന

ഉദ്യോഗാർത്ഥികൾക്കെതിരെ കേരളാ പബ്ലിക് സർവീസ് കമ്മീഷൻ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നിർബന്ധമായും വായിക്കണം)

**സാജു ജോർജ്ജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**